# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.411

## 04-02-2020 ൽ മറുപടിക്ക്

## കിഫ്ബി വഴി നടപ്പിലാക്കുന്ന തീരദേശ ഹൈവേ

| ചോദ്യം<br>ശ്രീ. എം. രാജഗോപാലൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി വഴി നടപ്പിലാക്കുന്ന തീരദേശ ഹൈവേയുടെ നടപടികൾ (അലൈൻമെന്റ്, ഡി.പി.ആർ ഉൾപ്പെടെ) വൈകാൻ കാരണമെന്ത്; വ്യക്തമാക്കാമോ; | താരതമ്യേന കൂടുതലായുള്ള ഭൂമി ഏറ്റെടുക്കലും അതിനോടനുബന്ധിച്ചുള്ള പുനരധിവാസവുമാണ് തീരദേശ ഹൈവേ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന നീണ്ട സമയക്രമത്തിനുള്ള പ്രധാന കാരണം. കൂടാതെ വിശദ പഠന റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കാൻ പുറത്തുള്ള വിദഗ്ധ ഏജൻസികൾ /കൺസൾട്ടൻസികളുടെ സഹായം വേണമെന്നതും ഒരു കാരണമാണ്. തീരദേശ ഹൈവേയുടെ ഭൂരിഭാഗം സ്ട്രെച്ചുകളിലും കടലാക്രമണത്തെ ചെറുക്കുന്ന പ്രത്യേക നിർമ്മാണങ്ങൾ വേണ്ടി വരുന്നതിനാലാണ് വിദഗ്ധ ഏജൻസികളുടെ സേവനം വേണ്ടി വരുന്നത്. |
| (ബി) കേരളത്തിൽ തീരദേശ ഹൈവെ എന്ന് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത മലപ്പുറം ജില്ലയിലെ 15 കിലോമീറ്റർ വരുന്ന ഒരു സ്ട്രെച്ചിൽ തീരദേശ ഹൈവേയുടെ നിർമ്മാണം ആരംഭിച്ച് കഴിഞ്ഞു. പ്രത്യേക നിർമ്മാണങ്ങൾ ആവശ്യമില്ലാത്ത മറ്റ് ചില സ്ട്രെച്ചുകളുടെയും പാലങ്ങളുടെയും വിശദ പഠന റിപ്പോർട്ട് നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. തയ്യാറാക്കി വരുന്നു. ഭൂമി ഏറ്റെടുക്കലും പുനരധിവാസവും ത്വരിതപ്പെടുത്താനായി കിഫ്ബിയുടെ നാല് പ്രത്യേക ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയിലെ വിവിധ സ്ട്രെച്ചുകളുടെയും പാലങ്ങളുടെയും വിശദ പഠന റിപ്പോർട്ട് തയ്യാറാകുന്ന മുറയ്ക്ക് അവയ്ക്ക് കിഫ്ബി അംഗീകാരം നൽകുകയും ഭൂമി ഏറ്റെടുക്കലിന് ശേഷം നിർമ്മാണം ആരംഭിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ